# കേരളസംസ്ഥാന മുന്നാക്ക സമുദായക്ഷേമകോർപ്പറേഷൻ

## മംഗല്യ സമുന്നതി 2020-21

***നിബന്ധനകളും, മാർഗ്ഗനിർദേശങ്ങളും***

കേരളത്തിലെ മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നുള്ള പെൺകുട്ടികൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്ന മംഗല്യ സമുന്നതി പദ്ധതിയുടെ മാനദണ്ഡങ്ങൾ.

- വിവാഹിതയായ പെൺകുട്ടിയുടെ അച്ഛൻ/ അമ്മ ആയിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്.
- പെൺകുട്ടി സംസ്ഥാനത്തെ സംവരണേതര വിഭാഗങ്ങളിൽപ്പെടുന്ന ആളായിരിക്കണം.
- മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നുള്ള പെൺകുട്ടികളുടെ വിവാഹത്തിനാണ് ധനസഹായം നൽകുന്നത്.
- അപേക്ഷകരുടെ **കുടുംബ വാർഷിക വരുമാനം** എല്ലാ മാർഗ്ഗങ്ങളിൽ നിന്നും **ഒരുലക്ഷം (1,00,000/-)** രൂപ കവിയാൻ പാടുള്ളതല്ല. അപേക്ഷകർ മുൻഗണന AAY, മുൻഗണന വിഭാഗങ്ങളിലെ റേഷൻകാർഡ് ഉടമകളായിരിക്കണം.
- വിവാഹിതയായ പെൺകുട്ടിയുടെ പ്രായം 22 വയസ്സിന് മുകളിലായിരിക്കണം.
- അപേക്ഷ പൂർണ്ണമായും പൂരിപ്പിച്ചിരിക്കണം. ***അപേക്ഷയോടൊപ്പം നിർബന്ധമായും ഉള്ളടക്കം ചെയ്യേണ്ടുന്ന രേഖകൾ ഉൾപ്പെടുത്താത്തതും അപൂർണ്ണമായിട്ടുള്ളതുമായ അപേക്ഷകൾ നിരസിക്കുന്നതായിരിക്കും.***
- **ഒരു ലക്ഷം രൂപയാണ് ധനസഹായമായി അനുവദിക്കുന്നത്**. സർക്കാരിൽ നിന്നുള്ള ഫണ്ടിന്റെ ലഭ്യതക്കനുസൃതമായാണ് അപേക്ഷകർക്ക് ധനസഹായം ലഭ്യമാക്കുന്നത്. ധനസഹായം അപേക്ഷകന്റെ/ അപേക്ഷകയുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് അനുവദിക്കുന്നതാണ്.
- മാതാപിതാക്കൾ മരണപ്പെട്ടുപോയ/ നഷ്ടപ്പെട്ട പെൺകുട്ടികൾക്ക് സ്വന്തം പേരിൽ അപേക്ഷ സമർപ്പിക്കാവുന്നതും ധനസഹായം ടിയാളുടെ തന്നെ ബാങ്ക് അക്കൗണ്ടിലേക്ക് അനുവദിക്കുന്നതുമാണ്.
- **2020 ഏപ്രിൽ 1** ന് ശേഷം വിവാഹിതരായവർക്കാണ് ധനസഹായം നൽകുന്നത്. അപേക്ഷകൾ **19/02/2021** തീയതിക്ക് മുമ്പ് കോർപ്പറേഷനിൽ ലഭ്യമായിരിക്കണം. വൈകി ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.
- ലഭ്യമാകുന്ന അപേക്ഷകളിൽ നിന്നും ഏറ്റവും കുറഞ്ഞ വരുമാനമുള്ള യോഗ്യരായ 100 പേർക്കാണ് ധനസഹായം അനുവദിക്കുന്നത്. ഒരേ വരുമാനപരിധിയിൽ ഉള്ളവരെ പരിഗണിക്കുമ്പോൾ
    - I. മാതാപിതാക്കൾ നഷ്ടപ്പെട്ടവർ
    - II. വിവാഹിതയായ പെൺകുട്ടിയുടെ പ്രായം
    - III. ഭിന്നശേഷിക്കാർ

തുടങ്ങിയവയിൽ മുൻതൂക്ക പരിഗണന നൽകിയായിരിക്കും ആനുകൂല്യം അനുവദിക്കുന്നത്.

- 01/04/2020 ന് ശേഷം വിവാഹിരായിട്ടുള്ളവർക്കാണ് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അർഹത. **<u>അപേക്ഷയോടൊപ്പം താഴെപ്പറയുന്ന രേഖകൾ നിർബന്ധമായും ഹാജരാക്കേണ്ടതാണ്.</u>**
  1. വിവാഹ സർട്ടിഫിക്കറ്റിന്റെ പകർപ്പ് (ഗസറ്റഡ് ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തലോടുകൂടിയത്)
  2. വരുമാന സർട്ടിഫിക്കറ്റ് (വില്ലേജ് ഓഫീസർ നൽകുന്നത്).
  3. **പെൺകുട്ടിയുടെ ജാതി** തെളിയിക്കുന്ന രേഖ (വില്ലേജ്ഓഫീസർ നൽകുന്ന ജാതി രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് / ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുള്ള SSLC സർട്ടിഫിക്കറ്റിലെ ജാതി രേഖപ്പെടുത്തിയ പേജ്)
  4. റേഷൻ കാർഡിന്റെ പകർപ്പ് (സ്വയം സാക്ഷ്യപ്പെടുത്തിയത്)
  5. ഐഡന്റിറ്റി കാർഡ് (ആധാർ/ ഇലക്ഷൻ ID /ഡ്രൈവിംഗ് ലൈസൻസ്) (സ്വയം സാക്ഷ്യപ്പെടുത്തിയത്).
  6. പ്രായം തെളിയിക്കുന്ന രേഖ (SSLC Certificate/ Birth Certificate) (സ്വയം സാക്ഷ്യപ്പെടുത്തിയത്)
  7. വിവാഹ ക്ഷണക്കത്ത് (ഒറിജിനൽ).
  8. അപേക്ഷകന്റെ പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പ്.
  9. മാതാപിതാക്കൾ മരണപ്പെട്ടുപോയ പെൺകുട്ടിയാണ് അപേക്ഷ സമർപ്പിക്കുന്നതെങ്കിൽ മാതാപിതാക്കളുടെ മരണ സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
  10. മാതാപിതാക്കൾ ഉപേക്ഷിച്ചുപോയ പെൺകുട്ടിയാണ് അപേക്ഷകയെങ്കിൽ ആ വിവരം വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ലഭ്യമാക്കണം.
- ഒരു പെൺകുട്ടിക്ക് ഒരിക്കൽ മാത്രമേ പദ്ധതി പ്രകാരമുള്ള ധനസഹായം അനുവദിക്കുകയുള്ളൂ.
- ഒരേ കുടുംബത്തിലെ 2 ൽ കൂടുതൽ പെൺകുട്ടികൾക്ക് യാതൊരു കാരണവശാലും ധനസഹായം അനുവദിക്കുന്നതല്ല. എന്നാൽ ഒരു സാമ്പത്തിക വർഷം ഒരു കുടുംബത്തിലെ ഒരു കുട്ടിയുടെ പേരിൽ മാത്രമേ അപേക്ഷിക്കാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ.
- **തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആനുകൂല്യം കൈപ്പറ്റുന്ന പക്ഷം അനുവദിച്ച തുക 15% കൂട്ടുപലിശയും ചേർത്ത് തിരിച്ചടയ്ക്കേണ്ടതും പ്രസ്തുത പദ്ധതിയിലേക്ക് തുടർന്ന് അപേക്ഷിക്കാൻ അർഹതയില്ലാത്തതുമാണ്.**

- ഭരണ സൗകര്യാർത്ഥം മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതിന് കോർപ്പറേഷന് അധികാരമുണ്ടായിരിക്കും. ധനസഹായം നൽകുന്നത് സംബന്ധിച്ച കോർപ്പറേഷന്റെ തീരുമാനം അന്തിമമാണ്.
- അപേക്ഷകൾ തപാൽ മുഖേനയോ നേരിട്ടോ കോർപ്പറേഷനിൽ ലഭ്യമാക്കേണ്ടതാണ്.

xxxxxxxxxxxxxxxxxxxxxxx

# കേരളസംസ്ഥാന മുന്നാക്ക സമുദായക്ഷേമകോർപ്പറേഷൻ

## മംഗല്യ സമുന്നതി 2020-21

### അപേക്ഷാ ഫോം

(നിബന്ധനകൾ പൂർണ്ണമായും വായിച്ച ശേഷം മാത്രം അപേക്ഷ പൂരിപ്പിക്കുക)

1. അപേക്ഷകയുടെ/അപേക്ഷകന്റെപേര് (മലയാളത്തിൽ) :ശ്രീ/ശ്രീമതി. ............................
2. അപേക്ഷകയുടെ/അപേക്ഷകന്റെ പേര് (ഇംഗ്ലീഷിൽ) :.......................................
3. അപേക്ഷകയുടെ/ അപേക്ഷകന്റെ ആധാർ നമ്പർ :.......................................
   (പകർപ്പ് ഉള്ളടക്കം ചെയ്യേണ്ടതാണ്)
4. മതം :.......................................
5. ജാതി :.......................................
6. പൂർണ്ണമായ മേൽവിലാസം : ........................................
   (വില്ലേജ്, താലൂക്ക്, ജില്ല, പിൻകോഡ് സഹിതം) ........................................
   ........................................
   ........................................
7. ലാൻഡ് ലൈൻ/മൊബൈൽ ഫോൺ നമ്പർ :.......................................
8. അപേക്ഷകയുടെ/ അപേക്ഷകന്റെ തൊഴിൽ :.......................................
9. കുടുംബ വാർഷിക വരുമാനം :.......................................
   (റവന്യൂ അധികാരി നൽകുന്ന വരുമാന സർട്ടിഫിക്കറ്റ് ഉള്ളടക്കം ചെയ്യേണ്ടതാണ്)
10. വിവാഹിതയായ പെൺകുട്ടിയുടെ പേര് :.......................................
11. വിവാഹിതയായ പെൺകുട്ടിയുടെ ജനനതീയതി, വയസ്സ് :.......................................
12. വിവാഹിതയായ പെൺകുട്ടിയുടെ ആധാർ നമ്പർ :.......................................
    (പകർപ്പ് ഉള്ളടക്കം ചെയ്യേണ്ടതാണ്)

13. വിവാഹിതയായ പെൺകുട്ടിയും
അപേക്ഷക/അപേക്ഷകനുമായുള്ള ബന്ധം :.......................................

14. പെൺകുട്ടിയുടെ ആദ്യ വിവാഹമാണോ,
പുനർ വിവാഹമാണോ? :.......................................

15. അപേക്ഷകയുടെ/ അപേക്ഷകന്റെ
ബാങ്ക് അക്കൗണ്ട് നമ്പർ :.......................................
(ബാങ്ക് പാസ് ബുക്കിന്റെ പ്രസ്തുത പേജിന്റെ പകർപ്പ്)

16. റേഷൻകാർഡ് സംബന്ധിച്ച വിശദാംശങ്ങൾ : ...........................
(റേഷൻകാർഡിന്റെ1,2പേജുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യേണ്ടതാണ്) (മുൻഗണന/മുൻഗണന AAY)

17. വിവാഹം നടന്ന തീയതി :.......................................

18. വിവാഹ സർട്ടിഫിക്കറ്റ് നമ്പർ :.......................................
(പകർപ്പ് ഉള്ളടക്കം ചെയ്യേണ്ടതാണ്)

19. വരന്റെ പേരും മേൽവിലാസവും :.......................................
.......................................
.......................................

## സത്യപ്രസ്താവന

**മുകളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ സത്യമാണെന്നും തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആനുകൂല്യം കൈപ്പറ്റി എന്ന് തെളിയുന്ന പക്ഷം റവന്യു റിക്കവറി നടപടി പ്രകാരം അനുവദിച്ച ഗ്രാന്റ് 15% പലിശയുൾപ്പെടെ തിരിച്ചു പിടിക്കുന്നതിൽ എനിക്ക് വിരോധമില്ലായെന്നും ഇതിനാൽ സത്യപ്രതിജ്ഞ ചെയ്യുന്നു.**

സ്ഥലം: അപേക്ഷകയുടെ /
തീയതി: അപേക്ഷകന്റെ പേര് :
ഒപ്പ് :

വിവാഹിതയായ
പെൺകുട്ടിയുടെ ഒപ്പ് :

***<u>അപേക്ഷയോടൊപ്പം ചുവടെ ചേർക്കുന്ന രേഖകൾ നിർബന്ധമായും ഉള്ളടക്കം ചെയ്യേണ്ടതാണ്</u>***

1. വിവാഹ സർട്ടിഫിക്കറ്റിന്റെ പകർപ്പ്
   (ഗസറ്റഡ് ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തലോടുകൂടിയത്)
2. വരുമാന സർട്ടിഫിക്കറ്റ് (വില്ലേജ് ഓഫീസർ നൽകുന്നത്).
3. **പെൺകുട്ടിയുടെ ജാതി** തെളിയിക്കുന്ന രേഖ.
   (വില്ലേജ് ഓഫീസർ നൽകുന്ന ജാതി രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് /ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുള്ള SSLC സർട്ടിഫിക്കറ്റിലെ ജാതി രേഖപ്പെടുത്തിയ പേജ്)
4. റേഷൻ കാർഡിന്റെ പകർപ്പ് (സ്വയം സാക്ഷ്യപ്പെടുത്തിയത്)
5. ഐഡന്റിറ്റി കാർഡ് (ആധാർ/ ഇലക്ഷൻ ID /ഡ്രൈവിംഗ് ലൈസൻസ്)
   (സ്വയം സാക്ഷ്യപ്പെടുത്തിയത്).
6. പ്രായം തെളിയിക്കുന്ന രേഖ (SSLC/ Birth Certificate)
   (സ്വയം സാക്ഷ്യപ്പെടുത്തിയത്)
7. വിവാഹ ക്ഷണക്കത്ത് (ഒറിജിനൽ).
8. അപേക്ഷകന്റെ പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പ്.
9. മാതാപിതാക്കൾ മരണപ്പെട്ടുപോയ പെൺകുട്ടിയാണ് അപേക്ഷ സമർപ്പിക്കുന്നതെങ്കിൽ മാതാപിതാക്കളുടെ മരണ സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
10. മാതാപിതാക്കൾ ഉപേക്ഷിച്ചുപോയ പെൺകുട്ടിയാണ് അപേക്ഷകയെങ്കിൽ ആ വിവരം വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ലഭ്യമാക്കണം.

- അപൂർണ്ണമായതോ ആവശ്യമായ രേഖകൾ ഹാജരാക്കാത്തതോ ആയ അപേക്ഷകൾ അറിയിപ്പുകൂടാതെ നിരസിക്കുന്നതാണ്.
- അപേക്ഷ സമർപ്പിക്കുന്ന കവറിന് മുകളിൽ **<u>"മംഗല്യ സമുന്നതി (2020-21) പദ്ധതിയിലേയ്ക്കുള്ള അപേക്ഷ"</u>**എന്ന് നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

**<u>അപേക്ഷകൾ അയയ്ക്കേണ്ട വിലാസം</u>**

മാനേജിംഗ് ഡയറക്ടർ,

കേരള സംസ്ഥാന മുന്നാക്ക

സമുദായ ക്ഷേമ കോർപ്പറേഷൻ,

L2, കുലീന, TC.9/476,ജവഹർ നഗർ,

കവടിയാർ.പി.ഒ, തിരുവനന്തപുരം- 695003.